പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2111 12.02.2013 - ൽ മറുപടിയ്ക്ക്

## കാസർഗോഡ് ജില്ലയിലെ ഹൈലി സെൻസിറ്റീവ് ഏരിയകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിലെ ഏതൊക്കെ പ്രദേശങ്ങളാണ് ഹൈലി സെൻസിറ്റീവ് ഏരിയയായി റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) പ്രസ്തുത സ്ഥലങ്ങളിൽ സമാധാനം നിലനിർത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ? | (ബി) 1. വർഗ്ഗീയ സംഭവങ്ങൾ രൂക്ഷമായ പ്രദേശങ്ങളിലെല്ലാം സുരക്ഷാ ക്യാമറകൾ സ്ഥാപിച്ച് പ്രത്യേകം നിരീക്ഷിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.<br>2. വർഗ്ഗീയ സംഘർഷ സാധ്യതാ പ്രദേശങ്ങളിൽ സമർത്ഥരും പ്രാവീണ്യം തെളിയിച്ചവരുമായ പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.<br>(3) എല്ലാ രാഷ്ട്രീയ കക്ഷികളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സമ്മേളനങ്ങൾ നടത്തി മാതൃകാ പെരുമാറ്റചട്ടം രൂപീകരിക്കുന്നതിനും അഭിപ്രായ സമന്വയം ഉണ്ടാക്കുവാനും നടപടി സ്വീകരിച്ചു വരുന്നു.<br>(4) മത സൗഹാർദ്ദ അവലോകന മീറ്റിങ്ങുകൾ സർവ മത നേതാക്കളെയും ഉൾപ്പെടുത്തിക്കൊണ്ട് സമയാസമയം നടത്തുന്നതിനു |

നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(5) മത സൗഹാർദ്ദത്തിനു ഹാനികരമാകത്തക്ക രീതിയിലുള്ള പെയിന്റിംഗുകൾ, തോരണങ്ങൾ, ചുവരെഴുത്തുകൾ എന്നിവ നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(6) സാമുദായിക അടിസ്ഥാനത്തിലുള്ള ബസ് വെയിറ്റിംഗ് ഷെഡുകൾ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു.

(7)ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിനും പുനരുദ്ധാരണം നടത്തുന്നതിനും ജില്ലാ അധികാരികളുടെ മുൻകൂർ അനുമതി നിർബന്ധമാക്കിയിട്ടുണ്ട്.

(8) മത സൗഹാർദ്ദം നിലനിർത്താൻ വേണ്ടി വിദ്യാർത്ഥികൾ, യുവജനങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, വീട്ടമ്മമാർ, സന്നദ്ധ സംഘടനകൾ, എന്നിവയുടെ സഹകരണത്തോടെ കാസർഗോഡ് ജില്ലാ പൊലീസ് 'പൊൻപുലരി' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

| Police Station | Hyper Sensitive | Very Sensitive | Sensitive |
|---|---|---|---|
| Bekal | Keezhur, Chettukundu, Mangad. Eduvunkal | Chettukund, Periyattadukkam, Nalamvathukkal | Nil |
| Kasaragod | Eriyal, Adukkathbail, Meeppugiri, Choori, R.D. Nagar, Anangoor, Parakatta Nellikunnu Kadappuram Thayalangady | Kasargod Town, Nullippady, Madhur, Chettumkuzhy, Udayagiri, Patla, Pallam. | Kudlu Battampara, Kottakanni, Thalipaduppu, Cherankai, Manjathadka, Karanthakkad, Thalangara, Challyamkode. |
| Vidyanagar | Uliyathadukka. Nayammarmoola | | |
| Manjeswar | Kunjathur. Hossangadi, Uppala | Posottu, Uppala, Bappaithotty, Manimunda | 10th Mile, Majirpallam, Miyapadavu, Pavoor. |
| Kumbala | Nil | Kumbala Town, Bandivod | Nil |
| Chandera | Nil | Beericheri | Trikaripur Town, Pekkadam, Thankayammukku, Olavara, Kuttichi, Udumbumthala, Padanna, Orimukku, Madakkara, Azhithala, Kayankara. |
| Hosdurg | Nil | Ozhinjavalappu, Kalluravi, Meenappeese, Hosdurg, Kadappuram, Chamundikunnu | Hosdurg Beach, Madiyan, Arangadi, Chithari, Muriyanavi. |
| Nileswar | Nil | Nil | Thaikadappuram, Nileswar. |
| Badiadka | Nil | Nil | Badiadka Town, Kannipady, Perala, Beettiyadukka; |

സെക്ഷൻ ഓഫീസർ